"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണവകുപ്പ് - കൊല്ലം ജില്ല - പോരുവഴി ഗ്രാമപഞ്ചായത്ത് 2011-12 & 2012-13 വർഷത്തെ കേരള സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7(1,2,3) - തടസ്സപ്പെടുത്തിയ 65,000/- രൂപയുടെ ചെലവ് - സാധൂകരണം - നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.2179/2025/LSGD തീയതി,തിരുവനന്തപുരം, 08-09-2025

---

ഃാ പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 16/07/2020-ലെ PAN/8988/2020-M3(DP) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 20/03/2021-ലെ DKSA/1403/2020/PTI നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2011-12 & 2012-13 വർഷത്തെ കേരള സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7(1,2,3) പ്രകാരം വെറ്റിനറി സർജൻ നടപ്പാക്കിയ വ്യക്തിഗത വനിതാ ഘടകപദ്ധതികളിൽ പുരുഷന്മാർക്ക് ആനുകൂല്യം നൽകിയതിനാലാൽ 65,000/- രൂപയുടെ ചെലവ് ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു.

2) കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമപഞ്ചായത്തിൽ വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ തൊഴുത്ത് നിർമ്മാണം പദ്ധതി (നം.110/2013 പ്രത്യേക ഘടക പദ്ധതി - വനിത) (എസ്.സി) ,പശുവളർത്തൽ പദ്ധതി (നം.08/2013 പ്രത്യേക ഘടക പദ്ധതി - വനിത) (എസ്.സി), പശുവളർത്തൽ പദ്ധതി (ജനറൽ) (നം.07/2013) എന്നീ പ്രോജക്ടുകളിൽ ഗുണഭോക്താക്കളായി പുരുഷൻമാരെ ഉൾപ്പെടുത്തിയതായി പരിശോധനയിൽ കണ്ടെത്തുകയുണ്ടായി.വനിതാ ഘടകപദ്ധതി പ്രകാരം ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട പുരുഷ ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചത് മാനദണ്ഡങ്ങൾക്ക് വിരുദ്ധമായതിനാനാലാണ് മേൽ സൂചിപ്പിച്ച പ്രോജക്ടുകൾക്കായി ചെലവഴിച്ച 65000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുള്ളത്.

3) അനുകൂല്യം കൈപ്പറ്റിയ ആളുകളും കുടുംബവും കാലിവളർത്തൽ ഉപജീവനം ആക്കിയിട്ടുള്ളവരും ടി മേഖലയിൽ പരിചയ സമ്പന്നരായ വ്യക്തികൾ ആണെന്നും അപേക്ഷ സമർപ്പിച്ചത് പുരുഷന്മാരുടെ പേരിലാണെന്നും എന്നാൽ ടി കുടുംബാംഗങ്ങളുടെ ടി മേഖലയിലെ പരീചയ സമ്പന്നത വിലയിരുത്തിയാണ് വർക്കിങ്ഗ്രൂപ് തിരഞ്ഞെടുത്ത് പഞ്ചായത്ത് കമ്മിറ്റി, അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് നൽകിയതെന്ന് പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി വിഭാവനം ചെയ്തത് വനിതകൾക്ക് വേണ്ടി ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്റിനറി സർജൻ ടി കുടുംബത്തിലെ തന്നെ കാലിവളർത്തൽ ഉപജീവനം ആക്കിയിട്ടുള്ള ടി ഗുണഭോക്താക്കളുടെ തന്നെ ഭാര്യമാരുടെ

പേരിൽ ആണ് തുക നല്ലിയത് . ആയതുകൊണ്ട് പദ്ധതിയുടെ അന്തസത്തക്ക് ഭംഗം വരാതെ വനിതകൾക്ക് തന്നെ ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന്പഞ്ചായത്ത് കമ്മിറ്റി വിലയിരുത്തിയ സാഹചര്യത്തിൽ ടി ഓഡിറ്റ് തടസ്സത്തിന് സർക്കാർ സാധൂകരണം നൽകണമെന്ന്പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ അനുകൂല ശിപാർശ എന്നിവ സഹിതമാണ് സാധൂകരണത്തിനായി പഞ്ചായത്ത് ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുള്ളത്.

4) അപേക്ഷകന്മാർ പുരുഷന്മാരാണെങ്കിലും ആനുകൂല്യം നൽകിയത് അവരുടെ ഭാര്യമാരുടെ അക്കൗണ്ടിലേക്കാണെന്നും നല്ല രീതിയിൽ കാലിവളർത്തൽ നടത്തുന്ന വനിതകളിൽ, അർഹരായ ഗുണഭോക്താക്കൾക്കു തന്നെയാണ് ആനുകൂല്യം ലഭ്യമായതെന്ന പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റേയും ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ അനുകൂല ശിപാർശയുടേയും അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശത്തിന് സാധുകരണം നൽകുന്നതിൽ എതിരഭിപ്രായമില്ലെന്നും സർക്കാരിന് ഉചിത തീരുമാനം എടുക്കാവുന്നതാണെന്നും സംസ്ഥാന ഓഡിറ്റ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വസ്തുതകളുടേയും ജില്ലാതല മോണിറ്റിംഗ് കമ്മിററിയുടെ അനുകൂല ശിപാർശ, പഞ്ചായത്ത് കമ്മിറ്റി തീരുമാനം എന്നിവ പരിഗണിച്ചും പഞ്ചായത്ത് ഡയറക്ടറുടേയും സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടേയും അനുകൂല ശിപാർശകളും കണക്കിലെടുത്തും വ്യക്തിഗത വനിതാ ഘടകപദ്ധതികളിൽ പുരുഷന്മാർക്ക് ആനുകൂല്യം നൽകിയതുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2011-12 & 2012-13 വർഷത്തെ കേരള സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7(1,2 & 3) പ്രകാരം തടസ്സപ്പെടുത്തിയ 65,000/- (അറുപത്തി അയ്യായിരം രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി,പോരുവഴി ഗ്രാമപഞ്ചായത്ത്, കൊല്ലം
അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB1/43/2020-LSGD )

ഉത്തരവിൻ പ്രകാരം

Signed by
Jyothish M S
സെക്ഷൻ ഓഫീസർ
Date: 08-09-2025 12:12:33